എൽ.റ്റി. വിഭാഗത്തിൽ വൈദ്യുതി ബിൽ കുടിശ്ശിക വരുത്തിയതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കപ്പെട്ട ഉപഭോക്താക്കളുടെ ലിസ്റ്റും പിരിച്ചെടുത്ത തുകയും അനുബന്ധം II ആയി ചേർക്കുന്നു.*

(ഡി) എൽ.റ്റി. വിഭാഗത്തിൽ വിവിധ കോടതികളിലായി 4841.7 ലക്ഷം രൂപയുടെ കുടിശ്ശിക കേസ്സുകൾ തീർപ്പ് കൽപ്പിക്കുന്നതിനായി ഉണ്ട്. 31-3-2015-ലെ ത്രൈമാസ കണക്കുപ്രകാരം എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ കേസ്സുകളിൽ ഉൾപ്പെട്ടിരിക്കുന്ന ആകെ തുക 346.26 കോടി രൂപയാണ്. വിവിധ കോടതികളിൽ നിലവിലുള്ള ഇത്തരം കേസ്സുകളുടെ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് കൈക്കൊള്ളുന്നതാണ്.

2011-12 വർഷം മുതൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ കേസ് നടത്തിപ്പിനായി ചെലവഴിച്ച തുക താഴെ കൊടുത്തിരിക്കുന്നു :

2011-12	₹ 44,66,000
2012-13	₹ 53,28,000
2013-14	₹ 47,28,000
2014-15	₹ 47,28,000
2015-16	₹ 23,64,000

(ഇ) കുടിശ്ശിക പിരിച്ചെടുക്കുന്നത് തടഞ്ഞുകൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

മസ്ദൂർ തസ്തികയിലെ ഒഴിവുകൾ

23 (5827) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) KSEB-യിൽ മസ്ദൂർ തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു ; എത്ര പേർക്ക് ഇതിനകം നിയമനം നൽകി ;

(ബി) ലിസ്റ്റിൽ ഇനി എത്ര പേർ അവശേഷിപ്പിക്കുന്നുണ്ട് ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 166 മസ്ദൂർ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യ. 166 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

(ബി) KSEB മസ്ദൂർ തസ്തികകളുടെ നിയമനം ജില്ലാ അടിസ്ഥാനത്തിലാണ് നടക്കുന്നത്. ജില്ല തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു :

ക്രമ നമ്പർ	ജില്ല	റാങ്ക് ലിസ്റ്റിൽ ശേഷിക്കുന്നവർ
1	തിരുവനന്തപുരം	2455
2	കൊല്ലം	2450
3	പത്തനംതിട്ട	1572
4	ആലപ്പുഴ	2155
5	കോട്ടയം	2058
6	ഇടുക്കി	1494
7	എറണാകുളം	3104
8	തൃശ്ശൂർ	1955
9	പാലക്കാട്	1829
10	മലപ്പുറം	2031
11	കോഴിക്കോട്	2209
12	വയനാട്	1057
13	കണ്ണൂർ	2179
14	കാസർഗോഡ്	1262
	Total	27810

LIBRARY ARCHIVES Kerala Legislative Assembly